(ബി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം ഗ്രാമസഭകൾക്കാണ്. ഒരു ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിക്കുവേണ്ടി ഓരോ വാർഡിനും വേണ്ട മുൻഗണനാലിസ്റ്റ് ഗ്രാമസഭയാണ് തയ്യാറാക്കുന്നത്. പഞ്ചായത്ത് ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾ ഉപയോഗിച്ച് ഗ്രാമസഭ മുമ്പാകെ സാധ്യമാവുന്നത്ര അപേക്ഷകളെപ്പറ്റി അന്വേഷിക്കുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രാമസഭ അംഗീകാരം നൽകേണ്ടതാണ്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിന്മേലുള്ള ആക്ഷേപം അന്വേഷിച്ച് വസ്തുതാപരമാണെന്ന് ബോദ്ധ്യമായാൽ ഗുണഭോക്താവിന് അനുവദിച്ച സ്ഥാനം മാറ്റണമെങ്കിൽ വീണ്ടും ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

(സി) 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 3 എ (5) പ്രകാരം ഗ്രാമസഭയുടെ കോ-ഓർഡിനേറ്ററായി ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഗ്രാമസഭയുടെ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും അവയുടെ നടത്തിപ്പിനും തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുന്നതിനും തുടർ നടപടികളെടുക്കുന്നതിനും കൺവീനറെ സഹായിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 9-8-2002-ലെ 33276/ഡിപി1/02/തദ്ദേ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുമുണ്ട്. (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)*

വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയ പദ്ധതികൾ

242 (1667) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ൽ പഞ്ചായത്തുകളുടെ എത്ര പദ്ധതികൾക്കാണ് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയത്; എത്ര കോടി രൂപയുടേതാണ് ഈ വാർഷിക പദ്ധതി ; വിശദമാക്കുമോ ;

(ബി) ഇതിൽ എത്ര പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചു ; എത്ര കോടി രൂപയുടേതാണ് ഈ പദ്ധതികൾ ; വ്യക്തമാക്കുമോ ;

(സി) 2014-15-ലെ വാർഷിക പദ്ധതിയിൽ എത്ര കോടി രൂപ വകമാറ്റാൻ അനുവാദം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം പദ്ധതികൾ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള ടഷറി നിയന്ത്രണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ നിയന്ത്രണം പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15-ൽ പഞ്ചായത്തുകളുടെ പദ്ധതികൾക്ക് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും 9 ലക്ഷം രൂപ തദ്ദേശ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ലഭ്യമാക്കുന്നതിനായി ഉറവിടത്തിൽ കറവ് ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ധനവിനിയോഗത്തിന് നിലവിലുള്ള പൊതുവായ നിയന്ത്രണങ്ങളല്ലാതെ പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് മാത്രമായി ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ബാധിച്ചിട്ടില്ല.

വോട്ടർപട്ടിക പുതുക്കിയതിനുള്ള പ്രതിഫലം

243 (1668) ശ്രീ. കെ. സുരേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർ പട്ടിക പുതുക്കൽ ജോലി നിർവ്വഹിച്ചിട്ടുള്ള അംഗൻവാടി ജീവനക്കാർക്ക് അലവൻസ് ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ;

(ബി) അലവൻസ് ലഭ്യമാക്കുന്നതിൽ ഭരണതലത്തിൽ കാലതാമസം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലതാമസം വരുത്തിയ സ്ഥാപനത്തിനെതിരെയും ജീവനക്കാർക്കെതിരെയും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

(സി) അലവൻസ് തുക എത്രയെന്നും തുക എപ്പോൾ ലഭ്യമാക്കുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly